പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 618

12.6.2012 ൽ
മറുപടിയ്ക്ക്

സ്മാർട്ട് സിറ്റിയിലെ പുതിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ട ശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത് എന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ ? | സ്മാർട്ട്സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നല്കുകയുണ്ടായി. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 246 ഏക്കർ സ്ഥലം ഒറ്റ സെസ്സായി വിജ്ഞാപനം ചെയ്യണമെന്നുള്ള സ്മാർട്ട്സിറ്റിയുടെ അപേക്ഷ 19.9.2011 ൽ **SEZ Board of Approval, Ministry of Commerce** പരിഗണിക്കുകയും പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്നതാണ്. സ്മാർട്ട് സിറ്റി പ്രദേശത്ത് 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സെയിൽസ് പവലിയന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ Conceptual Master plan തയ്യാറായി കഴിഞ്ഞു. മാസ്റ്റർ പ്ലാൻ അനുസരിച്ച് സെസ്സ് ലഭിച്ച ഭൂമിയിൽ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ